**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4695** **19-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആദ്യത്തെ മൂന്ന് ഘട്ടങ്ങളിൽ ജൽ ജീവൻ മിഷനിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ PWD റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള തുക അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ അനുവദിച്ചിരുന്നുള്ളു. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുകയ്ക്ക് കൂടി അനുമതി ലഭ്യമായി. കൂടാതെ ആദ്യ മൂന്ന് ഘട്ടത്തിൽ ഉൾപ്പെട്ട പ്രവർത്തികളിലെ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനായി അധികമായി 1351.20 കോടി രൂപയുടെ (പൂർത്തീകരിച്ച പ്രവൃത്തികൾക്കൊഴികെ) ഭരണാനുമതി നൽകി. |
| (ബി) | പദ്ധതി നിർവ്വഹണം പൂർത്തിയായ നിരവധി ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണം പൂർത്തിയായ ഗ്രാമ പഞ്ചായത്തുകളിൽ പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവ്വസ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജൽ ജീവൻ മിഷൻ പ്രവർത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കടുത്തുരുത്തി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സഞ്ചാരയോഗ്യമല്ലാതായ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | റോഡ് റീസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജൽ ജീവൻ മിഷൻ ഫണ്ട് ലഭ്യത അനുസരിച്ച് പ്രവൃത്തികൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്ക |

| | | | |
|---|---|---|---|
| | ഏതെല്ലാം റോഡുകൾക്ക് ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ? | | ന്നതാണ്. ഫണ്ട് അനുവദിച്ച റോഡുകളുടെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl.No | Name of Road |
|---|---|
| 1 | Piravom -Kaduthuruthy road |
| 2 | Keezhoor - Njeezhoor Road |
| 3 | Kaduthuruthy -Thottuva |
| 4 | seedfarm ayamkudi |
| 5 | Ayamkudi -Kalambukadu Road |
| 6 | Vembally village to vembally bridge(m.c .rd) |
| 7 | Nambiyamkulam- vedhagiri rd |
| 8 | Njeezhoor - Arunootimangalam |
| 9 | Njeezhoor - Arunootimangalam |
| 10 | Kunnapilly - Arunootimangalam |
| 11 | Kurichithanam village office -nellithanathumala road |
| 12 | allackapally to marangattupilly road |
| 13 | Muttunkal -Mukkavalakkunnu Road |
| 14 | Kuravilangadu Town link Road |
| 15 | Elakkadu Kuravilangadu Pallithazham Madayakunnnu Road |
| 16 | Marangattupally Alakkapally road |
| 17 | Thuruthipally Road |
| 18 | Keezhoor - Poovathumchuvadu -Kalayathumkunnu Road Road |
| 19 | Uzhavoor neerurutti - puthuveli road |
| 20 | Ayamkudi -Kalambukadu Road |